# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1318** **11.02.2016 ൽ മറുപടിക്ക്**

## കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. കെ. ശിവദാസൻ നായർ | | ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| എ) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ) | ലോകബാങ്ക് സഹായത്തോടെ 2403 കോടി രൂപ ചെലവിൽ നടപ്പാക്കുന്ന കെ.എസ്.ടി.പി. 2 പദ്ധതി വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. |
| ബി) എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | ബി) | 363 കി.മീ. ദൈർഘ്യമുള്ള സംസ്ഥാനത്തെ തിരഞ്ഞെടുത്ത 6 റോഡുകളുടെ വികസനമാണ് ഇതിൽ ഉൾപ്പെടുന്നത്. നിലവിലുള്ള റോഡിന്റെ വീതി കൂട്ടി ബലപ്പെടുത്തിയും വളവുകൾ കുറച്ചും പാലങ്ങൾ, കലുങ്കുകൾ, ബസ്ബേ, പാർക്കിംഗ് ഏരിയ എന്നിവ നിർമ്മിച്ചും റോഡ് സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും കൂടാതെ പൊതു മരാമത്ത് വകുപ്പിന്റെ നവീകരണവും ഇതിൽ ഉൾപ്പെടുന്നു. |
| സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) | ഈ പദ്ധതിയിൽ നടപ്പിലാക്കി വരുന്ന വിവിധ പ്രവൃത്തികളുടെ ഇപ്പോഴത്തെ പുരോഗതി സംബന്ധിച്ച വിദശ വിവര ങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെട്ട വിവിധ പ്രവൃത്തികൾ സംബന്ധിച്ച വിശദ വിവരം**

1)

| നം | റോഡിൻെറ പേരും ദൈർഘ്യവും | നിർമ്മാണ തുക (കോടിയിൽ) | പൂർത്തിയാകുന്ന തീയതി | നിർമ്മാണ പുരോഗതി ശതമാനത്തിൽ |
|---|---|---|---|---|
| 1. | കാസർഗോഡ്-കാഞ്ഞങ്ങാട് (27.78 കി.മീ) | 133.05 | 30.6.2016 | 40% പൂർത്തിയായി |
| 2. | പിലാത്തറ-പാപ്പിനിശ്ശേരി (20.90 കി.മീ) | 118.29 | 20.6.2016 | 40% പൂർത്തിയായി |
| 3. | തലശ്ശേരി-കളറോഡ് (28.8 കി.മീ) | 156.34 | 22.1.2018 | പ്രാരംഭ നിർമ്മാണ പ്രവൃത്തികൾ തുടങ്ങി |
| 4. | കളറോഡ്-വളവുപാറ (25.2 കി.മീ) | - | - | ടെണ്ടർ അംഗീകാരം സർക്കാർ പരിഗണ നയിലാണ്. |
| 5. | ചെങ്ങന്നൂർ-ഏറ്റുമാനൂർ (47.7 കി.മീ) | 293.58 | 24.11.2017 | 20% പൂർത്തിയായി |
| 6. | ഏറ്റുമാനൂർ-മൂവാറ്റുപുഴ (40.96 കി.മീ) | 171.49 | 23.3.2017 | 20% പൂർത്തിയായി |
| 7. | തിരുവല്ല ബൈപ്പാസ് (2.3 കി.മീ) | 31.80 | 06.9.2016 | 38% പൂർത്തിയായി |
| 8. | പൊൻകുന്നം-തൊടുപുഴ (50കി.മീ) | 227.13 | 09.12.2016 | 65% പൂർത്തിയായി |
| 9. | പുനലൂർ-പൊൻകുന്നം (82 കി.മീ) | - | - | PPP Hybrid Annuity രീതിയിൽ നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് ലോക ബാങ്കിൻെറ NOC യ്ക്ക് സമർപ്പിച്ചിരിക്കുകയ ാണ്. |
| 10. | പെരിമ്പിലാവ്-പെരിന്തൽമണ്ണ (41 .കീ) | - | - | ഭൂമി ഏറ്റെടുക്കുന്നതി നുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു. ഈ റോഡിൻെറ 17 കി.മീ ഉപരിതലം പുതുക്കുന്നതിനുള്ള പ്രവൃത്തി 8.7 കോടി രൂപയ്ക്ക് എഗ്രിമെന്റ് വെച്ച് നിർമ്മാണം ഉടൻ തുടങ്ങുന്നതാണ്. |

2) ലോക ബാങ്കുമായുള്ള കരാർ പ്രകാരം റോഡ് സുരക്ഷാ ഘടകത്തിൽ ഉൾപ്പെടുത്തി കെ.എസ്.ടി.പി ഒന്ന് പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിച്ച കഴക്കൂട്ടം-തൈക്കോട് റോഡും എം.സി റോഡിൻെറ വെഞ്ഞാറമ്മൂട് മുതൽ അടൂർ വരെ ഒരു Model Road Safety Corridor ആയി വികസിപ്പിക്കുന്നതാണ്. ഈ റോഡിൻെറ ഉപരിതലം പുതുക്കുന്നതിനും റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും 150 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് NOC യ്ക്കു വേണ്ടി ലോക ബാങ്കിന് സമർപ്പിച്ചിരിക്കുകയാണ്.

Sd/-
സെക്ഷൻ ഓഫീസർ